**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2389 14.06.2019-ലെ മറുപടിയ്ക്ക്

## ജി. വി. രാജ സ്പോർട്സ് സ്കൂൾ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എം.വിൻസെന്റ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | ജി. വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് വികസിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ജി. വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് വികസിപ്പിക്കുവാൻ ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും മികച്ച കായിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ ഹോസ്റ്റലുകൾ, അടുക്കള, ശുചിമുറികൾ, എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൗകര്യങ്ങളും ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ജി. വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് വികസിപ്പിക്കുവാൻ ചുവടെ പറയുന്ന നിർമ്മാണ പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്.<br>1) ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലിന്റെ നവീകരണം<br>2) ഇൻഡോർ കോർട്ടിലെ ഗ്യാലറിയുടെ നവീകരണം<br>3) രണ്ട് ബാസ്കറ്റ് ബോൾ കോർട്ടിന്റെയും |

എക്സ്റ്റൻഷനും പുതിയ ബാസ്കറ്റ് ബോൾ കോർട്ടിൽ പോസ്റ്റ് സ്ഥാപിച്ചതും

4) രണ്ട് സിന്തറ്റിക് വോളീബോൾ കോർട്ടിന്റെയും ഒരു മൺ കോർട്ടിന്റെയും നിർമ്മാണവും ഫ്ലെഡ് ലൈറ്റ്, ഗ്യാലറി ചുറ്റും ഫെൻസിംഗ് ചെയ്തത്
5) ക്രിക്കറ്റ് പ്രാക്ടീസിനുള്ള സൗകര്യം ഒരുക്കുന്ന പ്രവർത്തി
6) സ്കൂളുകളിലെ നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം
7) ആധുനിക രീതിയിലുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്ന പ്രവർത്തി
8) ഉപയോഗശൂന്യമായവ കത്തിച്ചു കളയുന്നതിന് ഇൻസിനറേറ്റർ ഹോസ്റ്റലിനു സമീപം നിർമ്മിച്ചത്
9) മാലിന്യം സംസ്കരിക്കുന്നതിനു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കമ്മീഷൻ ചെയ്തത്
10) വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനായി 160 കെ.വി.എ ശേഷിയുള്ള ഒരു ഡീസൽ ജനറേറ്റർ സ്ഥാപിച്ചത്
11) ഹോസ്റ്റലിലും സ്കൂളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സിസി ടിവി ക്യാമറ സംവിധാനം
12) ക്ലാസ്സ് മുറികൾ, ഹോസ്റ്റൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള പബ്ലിക് അഡ്രസ്സ് സിസ്റ്റം സ്ഥാപിച്ചത്

**<u>നിർമ്മാണം നടന്നു വരുന്ന മറ്റ് പ്രവർത്തികൾ</u>**

1) സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.
2) 6 വരി 400M അത്ലറ്റിക് ട്രാക്ക്, 8 വരി സ്ട്രെയ്റ്റ് ട്രാക്ക് എന്നിവയുടെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
3) സ്പ്രിംഗ്ളർ, സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
4) ജി.വി.രാജ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് PU ഫ്ലോറിംഗ് പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തി ഉടൻ

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതാണ്.<br>5) ഗേൾസ് ഹോസ്റ്റലിൽ ആധുനിക രീതിയിലുള്ള മോഡ്യുലാർ കിച്ചൺ നിർമ്മാണവും ഉപകരണങ്ങൾ സ്ഥാപിക്കലും.<br>6) ജി.വി.രാജ സ്പോർട്സ് സ്കൂളിലെ റീട്ടെയിനിംഗ് വാൾ നിർമ്മാണം<br>7) ജി.വി.രാജ സ്പോർട്സ് സ്കൂളിലേക്കാവശ്യമായ ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത പദ്ധതികൾ പൂർത്തികരിക്കുന്നതിനായി 24.22 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | കിഫ്ബിയിൽ നിന്നും ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് അറിയിക്കുമോ? | (സി) | മേൽ പ്രവൃത്തിയ്ക്ക് കിഫ്ബി ധനസഹായം ഉപയോഗിക്കുന്നില്ല |

**സെക്ഷൻ ഓഫീസർ**